# <u>അന്യസംസ്ഥാനത്തുനിന്നും കേരളത്തിലേക്ക് വരുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ</u>

1. നിങ്ങൾ ഇപ്പോൾ ഉള്ള സംസ്ഥാനത്തിന് പുറത്തേക്കുള്ള യാത്രാനുമതി നൽകാൻ ഉള്ള സമീപനമെന്തെന്ന് വ്യക്തമായി മനസ്സിലാക്കുക.

2. നിങ്ങൾ ഇപ്പോൾ ഉള്ള exact location, Containment Zone (Hotspot) ആണെങ്കിൽ ആ സംസ്ഥാനത്തിന്റെ യാത്രാനുമതി നിർബന്ധമായും വേണ്ടിവരുമെന്ന് മാത്രമല്ല, കേരളത്തിൽ തിരിച്ചെത്തിയാൽ സംസ്ഥാനം ഏർപ്പെടുത്തുന്ന quarantine facility-യിൽ ആദ്യ 7 ദിവസം നിർബന്ധമായി തുടരേണ്ടിവരും. 7 ദിവസത്തിനുശേഷം നടത്തുന്ന PCR പരിശോധനയുടെ അടിസ്ഥാനത്തിൽ ബാക്കിയുള്ള ക്വാറന്റൈൻ കാലം വീട്ടിലോ അല്ലെങ്കിൽ സർക്കാർ അംഗീകരിക്കുന്ന സംവിധാനത്തിലോ തുടരേണ്ടതുണ്ട്.

3. ഇപ്പോൾ ഉള്ള സംസ്ഥാനത്തുനിന്ന് നിയമാനുസൃതമായി യാത്രതിരിക്കാനുള്ള അനുമതി ലഭ്യമായശേഷം (അല്ലെങ്കിൽ ആവശ്യമില്ല എന്ന് ഉറപ്പാക്കിയതിനുശേഷം) കേരളത്തിലെ ഏത് ജില്ലയിലേക്കാണോ വരേണ്ടത്, ആ ജില്ലയിലേക്കുള്ള യാത്രാനുമതിക്കായി covid19jagratha.kerala.nic.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അപേക്ഷിക്കേണ്ടതാണ്. നോർക്ക രജിസ്ട്രേഷൻ നമ്പരോ മൊബൈൽ നമ്പരോ ഇതിനായി ഉപയോഗിക്കാം. വരുന്ന വാഹനത്തിന്റെ വിശദാംശങ്ങളും ലഭ്യമാക്കണം.

4. മേൽ ഖണ്ഡിക 3-ൽ സൂചിപ്പിച്ച അനുമതി ലഭ്യമായശേഷം പാസിൽ കേരളത്തിൽ പ്രവേശിക്കാൻ അനുമതി നൽകിയ തീയതിയിൽ അതിർത്തിയിൽ എത്തുന്ന വിധത്തിൽ യാത്ര ആരംഭിക്കാവുന്നതാണ്.

5. നിങ്ങൾ ഒരു ഗ്രൂപ്പായി ആണ് ഒരു വാഹനത്തിൽ വരുന്നതെങ്കിൽ വ്യത്യസ്ത ജില്ലകളിൽ എത്തേണ്ടവർ ഒരേ ഗ്രൂപ്പിൽ ഉണ്ടെങ്കിൽ ജില്ലാതലത്തിൽ ഗ്രൂപ്പുകൾ ഉണ്ടാക്കി ഓരോ ഗ്രൂപ്പിലും ഒരേ വാഹന നമ്പർ നൽകേണ്ടതാണ്. ഇത്തരത്തിൽ ഗ്രൂപ്പ് തയ്യാറാക്കിയശേഷം സംസ്ഥാനത്തേക്ക് പ്രവേശിക്കേണ്ട ചെക്ക്പോസ്റ്റ്,

അവിടെ എത്തുന്ന തീയതി, സമയം (slot) എന്നിവ രേഖപ്പെടുത്തി അനുമതിക്കായി സമർപ്പിക്കേണ്ടതാണ്.

6. ചെക്ക്പോസ്റ്റുകളിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പരിശോധനയ്ക്കായി പ്രസ്തുത യാത്രാ പെർമിറ്റ് കൈയ്യിൽ കരുതേണ്ടതാണ് (മൊബൈൽ ഫോണിൽ സൂക്ഷിച്ചാലും മതിയാകും). സാമൂഹിക അകലം പാലിക്കുന്നതിനായി 5 സീറ്റുള്ള വാഹനത്തിൽ 4 ഉം, 7 സീറ്റുള്ള വാഹനത്തിൽ 5 ഉം, വാനിൽ 10 ഉം, ബസ്സിൽ 25 ഉം ആളുകൾ മാത്രമേ യാത്ര ചെയ്യുവാൻ പാടുള്ളൂ. യാത്രാവേളയിൽ ശാരീരിക അകലം പാലിക്കേണ്ടതും, മാസ്ക്, സാനിറ്റൈസർ എന്നിവ ഉപയോഗിക്കേണ്ടതുമാണ്. അതിർത്തി ചെക്ക്പോസ്റ്റ് വരെ മാത്രം വാടക വാഹനത്തിൽ വരുകയും അതിനുശേഷം മറ്റൊരു വാഹനത്തിൽ യാത്ര തുടരാൻ ആഗ്രഹിക്കുകയും ചെയ്യുന്ന വ്യക്തികൾ തുടർയാത്രയ്ക്കുള്ള വാഹനങ്ങൾ സ്വന്തം നിലയ്ക്ക് ക്രമീകരിക്കേണ്ടതാണ്. യാത്രക്കാരെ കൂട്ടിക്കൊണ്ടുപോകുന്നതിനായി വരുന്ന വാഹനത്തിൽ ഡ്രൈവറെ മാത്രമേ അനുവദിക്കുകയുള്ളൂ. പ്രസ്തുത ഡ്രൈവറും യാത്രയ്ക്കുശേഷം ഹോം ക്വാറന്റൈനിൽ പ്രവേശിക്കേണ്ടതാണ്. യാത്രക്കാരെ കൂട്ടുന്നതിനായി അതിർത്തി ചെക്ക്പോസ്റ്റിലേക്ക് പോകേണ്ട വാഹനത്തിന്റെ ഡ്രൈവർ കോവിഡ് ജാഗ്രതാ വെബ്സൈറ്റിലൂടെ അതത് കളക്ടർമാരിൽനിന്നും എമർജൻസി പാസ് വാങ്ങേണ്ടതാണ്. അതിർത്തി ചെക്കുപോസ്റ്റുകളിൽ മെഡിക്കൽ പരിശോധന നടത്തുന്നതാണ്. രോഗലക്ഷണങ്ങൾ ഒന്നും ഇല്ലാത്തവർക്ക് വീട്ടിലേക്ക് പോകാവുന്നതും ഹോം ക്വാറന്റൈനിൽ പ്രവേശിക്കേണ്ടതുമാണ്. രോഗലക്ഷണങ്ങൾ ഉള്ള യാത്രക്കാരെ കോവിഡ് കെയർ സെന്റർ/ ഹോസ്പിറ്റലിലേക്ക് അയയ്ക്കുന്നതാണ്.

7. സംസ്ഥാനങ്ങളിൽ കുടുങ്ങിപ്പോയിട്ടുള്ള കുട്ടികൾ/ ഭാര്യ/ ഭർത്താവ്/ മാതാപിതാക്കൾ എന്നിവരെ കൂട്ടിക്കൊണ്ടുവരാൻ പ്രസ്തുത സംസ്ഥാനങ്ങളിലേക്ക് യാത്ര ചെയ്യുന്നവരുണ്ടെങ്കിൽ അവർക്ക് മാതൃ ജില്ലാ കളക്ടർ അവിടങ്ങളിൽ പോയി തിരിച്ച് വരാനുമുള്ള പാസ് നൽകേണ്ടതാണ്. പ്രസ്തുത പാസിൽ യാത്ര ചെയ്യുന്ന ആളുടെ പേര്, കൊണ്ടുവരാനുദ്ദേശിക്കുന്ന ബന്ധുവിന്റെ പേര് എന്നിവ ഉണ്ടാകേണ്ടതാണ്. ഇത്തരം യാത്രകൾ നടത്തുന്നവർ ക്വാറന്റൈൻ സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. ഏത് സംസ്ഥാനത്തിലേക്കാണോ പോകേണ്ടത് ആ

സംസ്ഥാനത്തിന്റെ അനുമതി ഉണ്ടെങ്കിൽ മാത്രമേ യാത്ര ചെയ്യുവാൻ കഴിയുകയുള്ളൂ. സംസ്ഥാനങ്ങളിൽ നിന്നും യാത്രക്കാരെ കൊണ്ടുവരുന്ന വാഹനങ്ങൾക്കുള്ള മടക്ക പാസ് കേരളത്തിലെ അതത് ജില്ലാ കളക്ടർമാർ നൽകേണ്ടതാണ്.

8. യാത്രയുമായി ബന്ധപ്പെട്ട് അവിചാരിതമായി എന്തെങ്കിലും ബുദ്ധിമുട്ട് നേരിടുകയാണെങ്കിൽ ഗവ: സെക്രട്ടേറിയറ്റിലെ വാർറൂമുമായോ (0471-2781100, 2781101) നിർദ്ദിഷ്ട അതിർത്തി ചെക്ക് പോസ്റ്റുമായോ ബന്ധപ്പെടേണ്ടതാണ്.

* * *